"ഭരണഭാഷ-മാതൃഭാഷ"

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

**കേരള പ്രിസൺസ് &**
**കറക്ഷണൽ സർവ്വീസസ്**

ഇണ്ടാസ് നം: E7-23831/2023/PrHQ ; തീയതി : 14-09-2023

19/07/2023 തീയതിയിലെ പി.എ.ഡി.-ബി1/70/2022/പി.എ.ഡി. നമ്പർ സർക്കുലറിന്റെ പകർപ്പ് അറിവിലേയ്ക്കും തുടർ നടപടികൾക്കുമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

Preetha.VS

പ്രീത വി എസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സിനു വേണ്ടി

സ്വീകർത്താവ്: **1)എല്ലാ സ്ഥാപന മേധാവികൾക്കും**
2)ജയിലാസ്ഥാന കാര്യാലയത്തിലെ എല്ലാ ജീവനക്കാർക്കും

Azadi Ka Amrit Mahotsav

**കേരള സർക്കാർ**

150 YEARS OF CELEBRATING THE MAHATMA

"ഭരണഭാഷ- മാതൃഭാഷ"

നമ്പർ.പിഎഡി-ബി1/70/2022/പിഎഡി

പാർലമെന്ററികാര്യ (ബി) വകുപ്പ്
തിരുവനന്തപുരം
തീയതി: 19-07-2023

<u>പരിപത്രം</u>

വിഷയം:- 14-ാം കേരള നിയമസഭ - ഹർജികൾ സംബന്ധിച്ച സമിതി (2019-2021) - നാലാമത് റിപ്പോർട്ട് - പ്രധാന ശിപാർശകൾ/നിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന:- നിയമസഭാ സെക്രട്ടറിയുടെ 18/07/2022-ലെ 15057/ഹർജി.സി1/ 2020/നി.സെ നമ്പർ കത്ത്

ഹർജികൾ സംബന്ധിച്ച സമിതി (2019-2021)-യുടെ നാലാമത് റിപ്പോർട്ടിലെ പൊതുശിപാർശകളുടേയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. റിപ്പോർട്ടിനായി സർക്കാർ വകുപ്പുകളിലേക്കയയ്ക്കുന്ന ഹർജിയിന്മേലുള്ള റിപ്പോർട്ട് യഥാസമയം സമിതിക്ക് ലഭ്യമാക്കുന്നുണ്ടെന്ന് വകുപ്പ് മേധാവികൾ ഉറപ്പ് വരുത്തേണ്ടതും യഥാസമയം റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതലത്തിൽ കർശന നടപടി സ്വീകരിക്കേണ്ടതുമാണ്.

2. ഹർജികളിന്മേലുള്ള റിപ്പോർട്ടുകൾ ചട്ടപ്രകാരം നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽത്തന്നെ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം എല്ലാ വകുപ്പുമേധാവികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകേണ്ടതും, സമിതി തെളിവെടുപ്പ് യോഗം ചേരുന്നതിന്റെ തലേദിവസമോ അന്നേ ദിവസമോ റിപ്പോർട്ടുകൾ ലഭ്യമാക്കുന്ന പ്രവണത അവസാനിപ്പിക്കേണ്ടതുമാണ്.

3. സമിതിയുടെ തെളിവെടുപ്പ് യോഗങ്ങളിൽ വകുപ്പ് സെക്രട്ടറിമാർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

4. സമിതിയുടെ തെളിവെടുപ്പ് യോഗങ്ങളിൽ വകുപ്പ് സെക്രട്ടറിമാർക്ക് പങ്കെടുക്കുവാൻ സാധിക്കാത്തപക്ഷം അക്കാര്യം കാരണം വ്യക്തമാക്കിക്കൊണ്ട്, മുൻകൂട്ടി രേഖാമൂലം ബഹു: സമിതി ചെയർമാനെ അറിയിക്കേണ്ടതാണ്.

5. സമിതിയുടെ തെളിവെടുപ്പ് യോഗങ്ങളിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥർ ഹർജി വിഷയത്തിൽ വേണ്ടത്ര പഠനം നടത്തി ആയത് പരിഹരിക്കുവാനുള്ള നിർദ്ദേശങ്ങളുമായി വേണം സമിതി യോഗങ്ങളിൽ ഹാജരാകേണ്ടത്.

6. ജില്ലാതല യോഗങ്ങളിൽ ജില്ലാതലത്തിലെ ഉയർന്ന ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം

805494/2023

ഉറപ്പുവരുത്തേണ്ടതാണ്.

7. ഹർജികളിന്മേലുള്ള റിപ്പോർട്ട്, സമിതി ആവശ്യപ്പെടുന്ന അധികവിവരങ്ങൾ, സമിതിയുടെ ശിപാർശകളിന്മേലും നിർദ്ദേശങ്ങളിന്മേലുമുള്ള റിപ്പോർട്ട് എന്നിവ ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന സമയപരിധിക്കുള്ളിൽത്തന്നെ ലഭ്യമാക്കേണ്ടതും വിവിധവകുപ്പുകളിലെ പാർലമെന്റ് സെക്ഷനുകൾ അക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പുലർത്തേണ്ടതുമാണ്.

ഡോ. വേണു വി ഐഎഎസ്
ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും /സ്പെഷ്യൽ സെക്രട്ടറിമാർക്കും.
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും
സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്ത് സഹിതം)
എല്ലാ ജില്ലാ കളക്ടർമാർക്കും വകുപ്പ് മേധാവികൾക്കും
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
S Feroskhan
Date: 26-07-2023 12:21:53
സെക്ഷൻ ഓഫീസർ

പകർപ്പ്:: ബഹു: പാർലമെന്ററികാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി.
പാർലമെന്ററികാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ യ്ക്ക്
പാർലമെന്ററികാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ യ്ക്ക്